
# അദ്ധ്യായം - 23



*യോഗവും ഉള്ളിയും - ശാമയെ പാമ്പുകടിച്ചത് സുഖപ്പെടുത്തൽ - കോളറാ നിയമ ലംഘനം - ഗുരുഭക്തിയുടെ ചടങ്ങ്*

## മുഖവുര

യഥാർത്ഥത്തിൽ മനുഷ്യാത്മാവ് സത്വരജസ്തമോ ഗുണഗണങ്ങൾക്കതീതമാണെങ്കിലും, സ്ഥിതി, ജ്ഞാനം, ആനന്ദമെന്ന അവസ്ഥകൾ മായയാൽ മറന്ന് ഞാനാണ് കർത്താവ്, ഞാനാണ് ഭോക്താവ് എന്ന തെറ്റായബോധം വളർത്തി അത്യധികം കഷ്ടതകൾ അനുഭവിക്കുന്നു. മോചനമാർഗ്ഗം കാണാതെ ഉഴലുന്നു. ഗുരുപാദ ഭക്തി മാത്രമാണ് മോചനമാർഗ്ഗം. സായിപ്രഭു, ഭക്തന്മാരെ ഉദ്ധരിച്ച് അദ്ദേഹവുമായ താദാത്മ്യം വരുത്തുന്നു.

നാം സായിബാബയെ ദൈവാവതാരമായി കരുതുന്നു. സായിബാബ താൻ ദൈവത്തിന്റെ സേവകനാണെന്നെ പറയൂ. അവതാരമാണെങ്കിലും ബാബ ജനങ്ങളെ അവരവർക്കുള്ള ചുമതലകളിൽ ബോധവാന്മാരാക്കി. ഒരാളോടും തനിക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെട്ടിട്ടില്ല. സർവ്വചരാചര

ങ്ങളിലും ദൈവത്തെക്കാണുന്ന ബാബ, വിനയത്തിന്റെ മൂർത്തിമത്ഭാവമായിരുന്നു. ആരെയും അവഗണിക്കുകയോ അപമാനിക്കകുയോ ചെയ്യില്ല. കാരണം അവരിൽ ബാബ നാരായണനെ ദർശിച്ചു എല്ലായ്പ്പോഴും ഭഗവാനെ സ്മരിച്ച് 'അള്ളാമാലിക്ക്' എന്നു പറയും.

നമുക്ക് പല യോഗിമാരെപ്പറ്റിയും അവരുടെ ഭക്ഷണത്തെപ്പറ്റിയും ജീവിതരീതിയെപ്പറ്റിയും മറ്റും ഒന്നും അറിയില്ല. അവർ ദൈവാനുഗ്രഹത്താൽ ലോകത്തിൽ പ്രത്യക്ഷപ്പെട്ട് മാനവരാശിക്ക് ഗുണം ചെയ്യുന്നു വെന്നുമാത്രം നമുക്കറിയാം. നമുക്ക് പൂർവ്വജന്മാർജ്ജിത സുകൃതമുണ്ടെങ്കിൽ അല്പം ലീലകളും പ്രവൃത്തികളും ശ്രദ്ധിക്കുവാൻ ആഗ്രഹം ജനിക്കുന്നു. ഇല്ലെങ്കിൽ ആഗ്രഹം തോന്നുകയുമില്ല. നമുക്ക് ഈ അദ്ധ്യായത്തിലെ കഥകളിലേക്ക് തിരിയുക.

## യോഗവും ഉള്ളിയും

ഒരിക്കൽ ഒരു യോഗസാധകൻ നാനാസാഹെബ് ചന്ദോർക്കറോടൊപ്പം ഷിർദ്ദിയിൽ വന്നു. അയാൾ യോഗശാസ്ത്രം മുഴുവനും, പതഞ്ചലിയുടെ യോഗസൂത്രവും പഠിച്ചിരുന്നെങ്കിലും പ്രായോഗിക അനുഭവമില്ലായിരുന്നു. കുറച്ചു നേരത്തേക്കുപോലും മനസ്സുറപ്പിച്ച് സമാധി പ്രാപിക്കാൻ അയാൾക്ക് കഴിഞ്ഞിരുന്നില്ല. അയാൾ സായിബാബയുടെ അനുഗ്രഹം കൊണ്ട് മനസ്സുറപ്പിച്ചു സമാധി ശീലിക്കാൻ കഴിയുമെന്ന് ആഗ്രഹിച്ചു. ആ ഉദ്ദേശത്തോടെ മസ്ജിദിൽ പോയപ്പോൾ സായിബാബ റൊട്ടി ഉള്ളികൂട്ടി തിന്നുന്നതാണ് കണ്ടത്. ഇതുകണ്ട് അയാൾ കരുതി ' ഈ പഴയ റൊട്ടി പച്ച ഉള്ളി കൂട്ടി തിന്നുന്ന മനുഷ്യൻ എങ്ങിനെ എന്റെ പ്രശ്നം പരിഹരിക്കും ? സായി ബാബ അത് മനസ്സിലാക്കി നാനാ

സാഹെബിനോട് 'ഓ നാനാ ഉള്ളി ദഹിക്കാൻ കെല്പുള്ളവനെ തിന്നാൻ പാടുള്ളു. മറ്റുള്ളവർ തിന്നരുത് എന്നു പറഞ്ഞു ഇതു കേട്ട് വിസ്മിതനായി യോഗി ബാബയുടെ കാൽക്കൽ അർപ്പണബുദ്ധിയോടെ നമസ്കരിച്ചു. അയാളുടെ വിഷമങ്ങൾ തുറന്ന് സംസാരിച്ച് ബാബയോട് പരിഹാരമാർഗ്ഗവും മനസ്സിലാക്കി അങ്ങിനെ സന്തുഷ്ടനായി ബാബയുടെ ഉധിയും അനുഗ്രഹവും വാങ്ങി ഷിർദ്ദിയിൽ  നിന്നുപോയി.

## ശാമയെ പാമ്പുകടിച്ചത് സുഖപ്പെടുത്തിയത്

ജീവൻ തത്തയെപോലെയാണ്. ഒന്നു ശരീരത്തിലും മറ്റത് കൂട്ടിലും ബന്ധനസ്ഥമാണ്. ഇരുവരും ബന്ധനാവസ്ഥ നല്ലതായി കരുതുന്നു. ഒരു സഹായിയൊ ഗുരുവോ വന്ന് മോചിതരാകുമ്പോഴാണ് സ്വാതന്ത്ര്യത്തിന്റെ സുഖവും ബന്ധനത്തിന്റെ ദുരിതവും അവർ മനസ്സിലാക്കുന്നത്.

കഴിഞ്ഞ അദ്ധ്യായത്തിൽ മിരിക്കാരുടെ കഷ്ടപ്പാടുകൾ തീർത്തതും മറ്റും വായിച്ചല്ലോ. അതിലും ഗംഭീരമായ ഒരു സംഭവം വിവരിക്കാം. ഒരിക്കൽ ശാമയെ വിഷപാമ്പു കടിച്ചു. കയ്യിന്റെ ചെറുവിരലിന്നാണ് കടി. വിഷം ദേഹത്തിൽ വ്യാപിക്കാൻ തുടങ്ങി. ഭയങ്കര വേദന അനുഭവിച്ച ശാമ താൻ ഉടനെ മരിക്കുമെന്നുറപ്പിച്ചു. അയാളുടെ സുഹൃത്തുക്കൾ അയാളെ വിഷമിറക്കൽ പതിവുള്ള വിഠോബ ക്ഷേത്രത്തിലേക്ക് കൊണ്ടുപോവാൻ നോക്കി. പക്ഷെ ശാമ മസ്ജിദ്ദിലേക്കോടി - അയാളുടെ ഭഗവാന്റെ അടുക്കലേയ്ക്ക്. ബാബ അലറി 'ദുഷ്ട പുരോഹിത'! ഇവിടേയ്ക്ക് കയറരുത് കയറിയാൽ നോക്കിയ്ക്കോ' എന്നിട്ട് വീണ്ടും അലറി 'പോ, കടന്നു പോ, താഴെ ഇറങ്ങ്' ബാബയെ കോപിച്ച് ചുവന്ന് കണ്ട ശാമ അന്തം വിട്ട് നിരാശനായി. എവിടെ പോവനാണയാൾ ? ജീവിക്കാനുള്ള

പ്രതീക്ഷ നശിച്ച് അയാൾ നിശ്ശബ്ദനായിരുന്നു. കുറച്ചു കഴിഞ്ഞ് ബാബ ശാന്തനായപ്പോൾ ശാമ അടുത്തുപോയിരുന്നു. അപ്പോൾ ബാബ പറഞ്ഞു 'ഒന്നും ഭയപ്പെടേണ്ട, ഒന്നും കരുതേണ്ട. ദയാലുവായ ഫക്കീർ നിന്നെ രക്ഷിക്കും വീട്ടിൽപോയി ശാന്തനായിരിക്കൂ. പുറത്ത് പോകണ്ട. എന്നിൽ വിശ്വാസിച്ച് നിർഭയനായി പേടികൂടാതെ ഇരുന്നാൽ മതി. 'അങ്ങിനെ അയാളെ വീട്ടിലേക്കയച്ചു. ഉടനെ താത്ത്യാസാഹെബിനെയും കാക്കാസാഹെബ് ദീക്ഷിത്തിനെയും പറഞ്ഞയച്ച് എന്തു വേണമെങ്കിലും കഴിക്കുകയും വീട്ടിൽ നടക്കുകയുമാവാം. പക്ഷെ കിടക്കുകയോ ഉറങ്ങുകയോ ചെയ്യരുതെന്നറിയിച്ചു. ശാമ അതുപ്രകാരം ചെയ്തു സുഖപ്പെട്ടു. ബാബയുടെ ആജ്ഞ 'പോ കടന്നുപോ, ഇറങ്ങു താഴെ' എന്ന് പുറമെത്തോന്നുന്നപോലെ ശാമയോട് പറഞ്ഞതല്ല. വിഷത്തിനോടായിരുന്നു. മറ്റു മന്ത്രവാദികളെപോലെ ബാബക്ക് പ്രത്യേക മന്ത്രമോ, വെള്ളമോ, അരിയോ ജപിച്ചുകൊടുക്കലോ ഒന്നും ആവശ്യമില്ലാ. ബാബ യുടെ വാഗ്പ്രഭാവം കൊണ്ടുമാത്രം ശാമ രക്ഷപ്പെട്ടു.

ഈ കഥയും മറ്റും ഇത്തരം കഥകളും കേൾക്കുന്നവർക്ക് ബാബാ പാദങ്ങളിൽ ഭക്തിഉറച്ചുകിട്ടും. മായാസാഗരം കടക്കാനുള്ള ഒരേ വഴി ബാബാ പാദങ്ങൾ മനസ്സിൽ ധ്യാനിക്കൽ തന്നെയാണ്.

## കോളറ

ഒരിക്കൽ ഷിർദ്ദിയിൽ കോളറ പടർന്നു പിടിച്ചു. ജനങ്ങൾ പേടിച്ച് ഗ്രാമത്തിന് പുറത്തുള്ളവരുമായി എല്ലാ സമ്പർക്കവും നിർത്തൽ ചെയ്തു. പഞ്ചായത്ത്കൂടി രണ്ട് നിയമങ്ങൾ പാസ്സാക്കി. (1) വിറകുവാങ്ങി ഗ്രാമത്തിൽ കൊണ്ടുവരാൻ പാടില്ല. (2) ആടിനെ അറക്കരുത്. ആരെങ്കിലും ഇത് ലംഘിച്ചാൽ





പഞ്ചായത്ത് പിഴവസൂലാക്കും. ബാബക്ക് ഇതെല്ലാം അന്ധവിശ്വാസമാണെന്നറിയാവുന്നതുകൊണ്ട് അതൊന്നും വിലവെച്ചില്ല. അന്നേരം ഒരു വിറകുവണ്ടി ഗ്രാമാതിർത്തിയിൽ വന്ന്, ഉള്ളിൽ വരാൻ അനുവാദം ചോദിച്ചു. വിറകിന് കടുത്ത ക്ഷാമമുണ്ടായിട്ടും നാട്ടുകാർ വണ്ടിവരാൻ അനുവദിച്ചില്ല. ബാബക്കെതിരെ നില്ക്കാൻ ആർക്കും ധൈര്യമുണ്ടായില്ല. ധുനിക്ക് ആവശ്യാർത്ഥം ബാബക്ക് വിറകുവേണം. അഗ്നിഹോത്രി അഗ്നികെടാതെ സൂക്ഷിക്കുംപോലെ, ബാബധുനി കെടാതെ സൂക്ഷിച്ചിരുന്നു. മസ്ജിദ്ദ് എല്ലാവർക്കും സ്വതന്ത്രമായി വന്നുപോവുന്ന സ്ഥലമാണ്. അതിന്ന് പൂട്ടും താക്കോലുമില്ല. ചില സാധുക്കൾ വിറകെടുത്ത് കൊണ്ടുപോവും. ബാബ അതിനൊന്നുംപറയില്ല. എല്ലാവരിലും ഈശ്വരനെ കാണുന്ന ബാബക്ക് വിരോധമോ നീരസമോ ഇല്ല. നിസ്സംഗനെങ്കിലും മറ്റുള്ളവർക്ക് ആദർശമാവാൻ ഗൃഹസ്ഥനെപ്പോലെ ബാബ പെരുമാറിയിരുന്നു.

## ഗുരുഭക്തിയുടെ ചടങ്ങ്

രണ്ടാം കോളറാ നിയമങ്ങൾ ബാബ എങ്ങിനെ അഭിമുഖീകരിച്ചു എന്ന് നോക്കാം. അത് നിലവിലിരിക്കെ ഒരാൾ ഒരാടിനെ മസ്ജിദ്ദിൽ കൊണ്ടുവന്നു. അത് വയസ്സായി. ക്ഷീണിച്ച് ചാവാറായിരുന്നു. അപ്പോൾ ഫക്കീർ പിർമുഹമ്മദ് അഥവാ ബാദെബാബയും അവിടെയുണ്ടായിരുന്നു. സായിബാബ അദ്ദേഹത്തോട് ആടിനെ ഒരു വെട്ടിന് അറുത്ത് ബലികൊടുക്കാൻ പറഞ്ഞു. ഈ ബാദെബാബയെപ്പറ്റി ബാബക്ക് വലിയ അഭിപ്രായമായിരുന്നു. അദ്ദേഹം എപ്പോഴും സായിബാബയുടെ വലതുഭാഗത്തായിരിക്കും. ചിലിം വലിച്ച് ബാബ അദ്ദേഹത്തിനും മറ്റുള്ളവർക്കും കൊടുക്കും. ഉച്ചഭക്ഷണം വിളമ്പിയാൽ ബാബ,

ബാദേബാബയെ വിളിച്ച് ഇടതുവശത്തിരുത്തി എല്ലാവരും ഭക്ഷണം കഴിക്കും. ബാബ, ദക്ഷിണ കിട്ടിയതിൽ നിന്ന് എല്ലാദിവസവും അദ്ദേഹത്തിന് 50 ക വീതം കൊടുക്കും. അദ്ദേഹം പോവുമ്പോൾ ബാബ, 100 അടിയോളം അനുഗമിക്കും. അത്രയും സ്ഥാനം അദ്ദേഹത്തിന് ബാബയുടെ അടുക്കലുണ്ടായിരുന്നു എന്നിട്ടും ബാബ ആടിനെ ഒററവെട്ടിനറക്കാൻ പറഞ്ഞപ്പോൾ 'എന്തിനാണിതിനെ വെറുതെ കൊല്ലുന്നത്' എന്നു പറഞ്ഞു വിസമ്മതിച്ചു. അപ്പോൾ ബാബ ശാമയോട് അതിനെ കൊല്ലാൻ പറഞ്ഞു. ശാമ രാധാകൃഷ്ണമായിയുടെ വീട്ടിൽ നിന്ന് കത്തിവാങ്ങി വന്ന് ബാബയുടെ മുന്നിൽ വെച്ചു. കത്തി വാങ്ങിയ ഉദ്ദേശം മനസ്സിലായി രാധാകൃഷ്ണമായി അത് തിരികെ ആവശ്യപ്പെട്ടു. അപ്പോൾ ശാമ മറ്റൊരുകത്തിക്ക് പോയി. പക്ഷെ വാഡയിൽ കുറച്ച് താമസിച്ചതിനാൽ അല്പം വൈകി. പിന്നെ കാക്കാസാഹെബ് ദീക്ഷിത്തിന്റെ ഊഴമായി. അയാൾ നല്ല തങ്കം പോലെയുള്ള ആളാണ്. പക്ഷെ പരീക്ഷിക്കണമല്ലോ. അയാളോട് ഒരു കത്തി കൊണ്ടുവന്ന് ആടിനെ വെട്ടാൻ ബാബ പറഞ്ഞു. അയാൾ സതേവാഡയിൽ പോയി കത്തിയുമായി വന്നു. ബാബ പറഞ്ഞാൽ കൊല്ലാൻ തയ്യാറായി നിന്നു. പരിശുദ്ധ ബ്രാഹ്മണനായി ജനിച്ച അയാൾക്ക് വധം എന്തെ ന്നറിയില്ല. അക്രമം പ്രവൃത്തിക്കാൻ തീരെ വിമുഖനെങ്കിലും ബാബ പറഞ്ഞാൽ കൊല്ലാൻ തന്നെ ഉറച്ചു. ഒരു മുഹമ്മദനായ ബാദോബാബാ ചെയ്യാത്ത വധം ഒരു ബ്രാഹ്മണൻ ചെയ്യാൻ ഒരുങ്ങിയത് കണ്ട് എല്ലാവരും അതിശയിച്ചു. അയാൾ മുണ്ട് മടക്കി ചുറ്റി കത്തി ഓങ്ങി ബാബയുടെ ആംഗ്യം പ്രതീക്ഷിച്ചുനിന്നു. ബാബ പറഞ്ഞു: 'എന്താ ആലോചിക്കാൻ, ഉം വെട്ട്' വെട്ടാൻ കയ്താഴ്ന്നപ്പോൾ ബാബ പറഞ്ഞു. 'നിർത്ത്, നീ ഒരു ബ്രാഹ്മണനായിട്ടും ആടിനെ വെട്ടുകയോ? എന്തു ക്രൂരകൃത്യം',

കാക്കാസാഹെബ് കത്തി താഴെവെച്ച് ബാബയോട് പറഞ്ഞു. 'അവിടുത്തെ വാക്കാണ് ഞങ്ങളുടെ നിയമം. മറ്റു നിയമങ്ങൾ ഒന്നും ഞങ്ങൾക്കറിയില്ല. ഞങ്ങൾ അവിടുത്ത് എപ്പോഴും സ്മരിച്ച് അവിടുത്തെ രൂപം ധ്യാനിച്ച്, രാപ്പകൽ അനുസരിച്ച് കഴിയുന്നവരാണ്. കൊല്ലുന്നത് ശരിയോ തെറ്റോ എന്നറിയില്ല. അതാലോചിക്കേണ്ട കാര്യവും ഞങ്ങൾക്കില്ല. ഗുരുകല്പന ഉടനെ അനുസരിക്കലാണ് ഞങ്ങളുടെ ചുമതലയും ധർമ്മവും' അപ്പോൾ ബാബ പറഞ്ഞു ബാബ തന്നെ കൊല്ലലും ബലിയും നടത്തിക്കോളാമെന്ന്. ഒടുവിൽ ആടിനെ ഫക്കീർമാരിരിക്കുന്ന താക്കിയക്കടുത്തുവെച്ച് ശരിപ്പെടുത്താമെന്ന് തീർച്ചയാക്കി. അങ്ങോട്ടു കൊണ്ടുപോകും വഴിക്ക് ആട് ചത്തു വീണു.

ശിഷ്യന്മാർ മൂന്നുതരക്കാരാണ് (1) ഒന്നാമതായി ഏറ്റവും നല്ല ശിഷ്യന്മാർ (2) രണ്ടാമത് ഇടത്തരക്കാർ (3) മൂന്നാമത് സാധാരണതരം. ഒന്നാമത്തെ തരത്തിൽപ്പെട്ടവർ ഗുരുവിന് വേണ്ടത് അറിഞ്ഞു പറയാതതെന്നെ പ്രവൃത്തിക്കുന്നു. രണ്ടാമത്തെ തരക്കാർ ഗുരുകല്പന അക്ഷരം പ്രതി നിറവേറ്റുന്നവരാകുന്നു. മൂന്നാമത്തെ തരക്കാർ കല്പന നടപ്പാക്കൽ നീട്ടിവെക്കുകയും അതിൽ തെറ്റുപറ്റിക്കുകയും ചെയ്യുന്നവരാകുന്നു. ശിഷ്യൻ സ്ഥിരോത്സാഹവും ഉറച്ച വിശ്വാസമുള്ളവനാണെങ്കിൽ ലക്ഷ്യത്തിൽ നിന്ന് വളരെ അകലെയൊന്നുമല്ല. പ്രാണായാമവും ഹഠയോഗവും ഒന്നും ആവശ്യമില്ല. മുൻപറഞ്ഞ ഗുണങ്ങളുള്ള ശിഷ്യന് സ്വമേധയാ ഗുരുക്കന്മാർ പ്രത്യക്ഷപ്പെട്ട് അതാതവസരം മുന്നോട്ടു പോവാനുള്ള ഉപദേശങ്ങൾ കൊടുക്കുന്നു. അടുത്ത അദ്ധ്യായത്തിൽ ബാബയുടെ കളിതമാശകളെപ്പറ്റി രസകരമായ കാര്യങ്ങൾ പറയാം.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !